## 638

*രീതി: സീയോൻ സൈന്യമേ*

ഭൂവിൽ വന്നവൻ ജീവൻ തന്നവൻ
പുതിയ മാർഗ്ഗമുലകിലാർക്കുമായ്ത്തുറന്നവൻ
തൻസ്നേഹം മഹാത്ഭുതസ്നേഹം
തൻനാമം മഹോന്നതനാമം വാനിലും ഭൂവിലും

1 അവൻ ദൈവമാം അനാദ്യന്തനാം
അവനിയും തന്നരുളപ്പാടിലുളവായ് വന്നതാം
വേഷത്തിൽ മനുഷ്യനായി താൻ ക്രൂശിന്മേൽ മരിച്ചുയിർക്കയാൽ
മോക്ഷത്തിൻ വാതിലായ്-

2 മഹാഭാഗ്യമായ് അവൻ പക്ഷമായ്
മരുവിലെങ്കിലും വസിപ്പതമിതമോദമായ്
സേവിപ്പാ-നവന്നു തുല്യമായ് സ്നേഹിപ്പാൻ മറ്റാരുമില്ലതാൽ
തൻ പാദം കുമ്പിടാം-

3 അവന്മൂലമായ് സുഖം നിത്യവും അനുഗമിച്ചിടും ജനങ്ങളനുഭവിച്ചിടും
ആരാലും അകറ്റുവാൻ ഭുവിയാകാത്തോരടുത്ത ബന്ധുവാം
ആനന്ദദായകൻ-

4 ജയം നിശ്ചയം ജയം നിശ്ചയം വിജയവീരനേശുവിൻ നിമിത്തമിദ്ധരേ
ഘോഷിപ്പിൻ അവൻ ജനങ്ങൾ സ-ന്തോഷിപ്പി-നവന്റെ നാമത്തിൽ
നിത്യതയോളവും- **T.K.S.**